## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2029 17.12.2012 - ൽ മറുപടിയ്ക്ക്

### വളപട്ടണം പോലീസ് സ്റ്റേഷൻ സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. നാരായണൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |

(എ) കണ്ണൂർ ജില്ലയിലെ വളപട്ടണം പോലീസ് സ്റ്റേഷനിൽ മണൽ മാഫിയ സംഘത്തിലെ ചിലരെ അറസ്റ്റ് ചെയ്തതുമായി ബന്ധപ്പെട്ട് കണ്ണൂർ എം.പി. ശ്രീ. കെ. സുധാകരനും വളപട്ടണം എസ്.ഐ. യുമായി സ്റ്റേഷനകത്ത് ചില പ്രശ്നങ്ങൾ ഉണ്ടായ സംഭവത്തിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കേസുകളുടെ വിശദാംശം വെളിപ്പെടുത്താമോ?

(എ) & (ബി) 31.10.2012 തീയതി വാഹന പരിശോധനയ്ക്കിടെ അനധികൃതമായി പുഴമണൽ കടത്തിയ KL 14 A 6102 ലോറി വളപട്ടണം പോലീസ് കൈ കാണിച്ച് നിർത്തുവാൻ ആവശ്യപ്പെട്ടിട്ടും ലോറി ഡ്രൈവർ വാഹനം നിർത്താതെ ഓടിച്ചു പോയതിൽ പോലീസ് പിന്തുടർന്ന് പാപ്പിനിശ്ശേരി റെയിൽവേ ഗേറ്റിന് സമീപം വെച്ച് ലോറി തടഞ്ഞു നിർത്തിയതിൽ ലോറി ഡ്രൈവർ സമദ് കൂടെയുണ്ടായിരുന്ന ഹമീദ് എന്നിവർ പോലീസിനെ ദേഹോപദ്രവം ഏൽപ്പിക്കുകയും ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തുകയും ചെയ്തതിന്റെ പേരിൽ പുഴമണൽ സഹിതം വാഹനം ബന്തവസ്സിലെടുത്ത് പ്രതികളെ അറസ്റ്റ് ചെയ്ത് വളപട്ടണം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1316/12 u/s 341, 332 r/w 34 IPC & Sec. 20 of Kerala Protection of River Bank & Removal and Regulation of Sand Act 2001 പ്രകാരം പ്രതികൾക്ക് എതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

ടി കേസുമായി ബന്ധപ്പെട്ട് അന്നേ ദിവസം 11.10 മണിയോടെ കല്ലിക്കോടൻ രാജേഷ്, ഷറഫുദ്ദീൻ കാട്ടാമ്പള്ളി എന്നിവർ വളപട്ടണം പോലീസ് സ്റ്റേഷനിൽ വന്ന് എസ്.ഐ. യുടെ മുറിയിൽ കയറി എസ്.ഐ യെ ചീത്ത പറയുകയും ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തുകയും ചെയ്തതിന്റെ പേരിൽ മേൽ പ്രതികൾക്കെതിരെ

വളപട്ടണം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1317/12 u/s 448, 294(b) IPC & Sec. 117 (e) of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും ഇതിൽ ഒന്നാം പ്രതിയായ കല്ലിക്കോടൻ രാജേഷിനെ പോലീസ് കസ്റ്റഡിയിൽ എടുത്തതിന്റെ പേരിൽ ടി ദിവസം 12.00 മണി സമയത്ത് ബഹുമാനപ്പെട്ട കണ്ണൂർ എം.പി. ശ്രീ. കെ. സുധാകരൻ അവർകളുടെ നേതൃത്വത്തിൽ (1) പ്രമോദ്, (2) പി. കെ. രാഗേഷ്, (3) സജീവ് ജോസഫ്, (4) സുധീപ് ജയിംസ്, (5) ഷറഫുദ്ദീൻ, (6) സുരേഷ് ബാബു, എളയാവൂർ, (7) റിയാസ് അത്താഴക്കുന്ന്, (8) നൗഷാദ് തുടങ്ങി മറ്റ് കണ്ടാലറിയാവുന്ന 100 ഓളം പേർ ന്യായവിരോധമായി സംഘം ചേർന്ന് പ്രകോപനപരമായി മുദ്രാവാക്യം വിളിച്ചുകൊണ്ട് പൊതു നിരത്തിൽ കൂടി അതുവഴി പോകുന്ന വാഹനങ്ങൾക്കും പൊതുജനങ്ങൾക്കും മാർഗ തടസ്സം സൃഷ്ടിച്ചു കൊണ്ട് വളപട്ടണം പോലീസ് സ്റ്റേഷനിലേക്ക് പ്രകടനമായി വരികയും സ്റ്റേഷൻ ഗേറ്റിൽ വെച്ച് പ്രകടനം കോമ്പൗണ്ടിലേക്ക് പ്രവേശിക്കുകയും അതുവഴി പോലീസിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയതിന് മേൽപ്പറഞ്ഞ ആളുകളുടെ പേരിൽ വളപട്ടണം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1318/12 u/s 143, 147, 283 r/w 149 IPC & Sec 117 (e) of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ